27

2B2M21406 (Pages : 3) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA/B.Sc Degree Examination, March/April 2021**

**BML2A08(1) – Malayala Sahithyam -2**

(2020 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**I.** ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1. നളിനിയെ കൂടാതെ, കുമാരനാശാൻ രചിച്ച രണ്ടു കൃതികളുടെ പേരെഴുതുക?
2. 'ഇടപ്പള്ളിക്കവികൾ' എന്നറിയപ്പെടുന്നത് ആരെല്ലാം?
3. അക്കിത്തം ആരെയാണ് ചിരഞ്ജീവികൾ എന്ന് വിശേഷിപ്പിക്കുന്നത്?
4. 'ഇന്നുനാമാദ്യ കവിതയുണ്ടാക്കുക' എന്ന് ആഹ്വാനം ചെയ്യുന്നതാര്?
5. മഹാഭാരതത്തിലെ കഥാസന്ദർഭങ്ങളെ വിശകലനം ചെയ്ത് കുട്ടികൃഷ്ണമാരാർ രചിച്ച കൃതിയേത്?
6. 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനം ഏതു നിരൂപണ ഗ്രന്ഥത്തിലുള്ളതാണ്?
7. പരശുരാമന്റെ മാതാപിതാക്കൾ ആരെല്ലാം?
8. സൂര്യൻ സൂര്യകാന്തിയെക്കണ്ട് ചോദിച്ചതെന്ത്?
9. "ഹന്ത ധന്യമിഹ നിന്റെ ജീവിതം" - നളിനി ആരോടാണ് ഇങ്ങനെ പറയുന്നത്.?
10. കുതിരക്കൊമ്പ് തേടിയലഞ്ഞതാര്?
11. ആർക്കുവേണ്ടിയാണ് ഭീഷ്മർ അംബയെയും സഹോദരിമാരെയും തട്ടിക്കൊണ്ടുവന്നത്?
12. അമ്മയെ കുളിപ്പിക്കുമ്പോൾ അമ്മയുടെ കൈകളിലുള്ള വളകൾ എന്താണ്?
13. 'ഇന്ദുലേഖ' പ്രസിദ്ധീകരിക്കപ്പെട്ട വർഷം ഏത്?
14. കോലാട്, നെയ്പായസം എന്നീ കഥകൾ ആരുടേത്?
15. 'സ്ത്രീയില്ലാത്ത മാതൃഭൂമി' എന്ന ലേഖനം ഏതു പുസ്തകത്തിൽ ഉള്ളതാണ്?

**(2 X 15 = 30** പരമാവധി മാർക്ക് 25)

## Section B

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. ഇടപ്പള്ളി രാഘവൻപിള്ളയുടെ അന്ത്യയാത്രാമൊഴിയായ കവിതയിൽ വിശദമാകുന്ന ജീവിതനിരാശയുടെ അംശങ്ങൾ എന്തെല്ലാം?

17. "ജന്തുവിന്നു തുടരുന്നു വാസനാ/ ബന്ധമിങ്ങുടലു വീഴുവോളവും" - സന്ദർഭവും കാവ്യഭംഗിയും വിവരിക്കുക

18. "തേങ്ങിത്തേങ്ങിക്കരയാൻ മോഹിച്ചിട്ടും ഊറിഞ്ഞാൻ ചിരിക്കുന്നു" - കവിതയുടെയും ജീവിതത്തിന്റെയും ഇടയിൽ കവി അനുഭവിക്കുന്ന ഈ പ്രതിസന്ധിയെ അക്കിത്തം ചിത്രീകരിക്കുന്നതെങ്ങനെ?

19. സ്ത്രീ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ തിരിച്ചറിയാത്ത പുരുഷാധികാരത്തിന്റെയും കാപട്യത്തിന്റെയും പ്രതീകമാണ് സൂര്യകാന്തി എന്ന കവിതയിലെ സൂര്യൻ - ഈ പ്രസ്താവനയെ വിമർശനാത്മകമായി വിശകലനം ചെയ്യുക

20. അർഥമില്ലാത്ത ആശയങ്ങൾ തേടിയലയുകയും അതിന് അയുക്തികരമായ പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന ആധുനിക മനുഷ്യനു നേരെയുള്ള പരിഹാസമാണ് കുതിരക്കൊമ്പ് എന്ന കവിത - വിശദീകരിക്കുക

21 പുത്തൻചൊല്ല് എന്ന കവിതയിൽ കവി ബാലകന്മാരോട് ഉപദേശിക്കുന്നതെന്തെല്ലാം?

22 നിറം മങ്ങിയ വൃദ്ധജീവിതത്തിന്റെ ഓർമകളെ പുതുതലമുറ കണ്ടെടുക്കേണ്ടതിന്റെ സാധ്യതകളെ കാവ്യഭാഷയിൽ അവതരിപ്പിക്കുകയാണ് അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിത - വിശദമാക്കുക

23 ഭീഷ്മരോട് പ്രതികാരം ചെയ്യാനുള്ള അംബയുടെ ശ്രമങ്ങൾ പരാജയപ്പെട്ടതെങ്ങനെ?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

തെങ്കിലും രണ്ടുചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

കുന്തളയോടുള്ള ബന്ധത്തിലും അകൽച്ചയിലും ദുഷ്യന്തൻ പുലർത്തുന്ന സമീപനങ്ങൾ അന്നത്തെ പുരുഷാധികാരികളുടെ പൊതുമനോഭാവംതന്നെ ആയിരുന്നു- ജോസഫ് മുണ്ടശ്ശേരി അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളെന്തെല്ലാം?

ഇടപ്പള്ളിയുടെ മരണത്തെ ലഘുവായ ഒരു നിർവചനത്തിൽ ഒതുക്കിനിർത്തിയ മലയാളിയുടെ ബോധങ്ങളെ 'മരണത്തിന്റെ സൗന്ദര്യം' എന്ന ലേഖനത്തിലൂടെ കെ പി അപ്പൻ തിരുത്തുന്നതെങ്ങനെ?

സമൂഹവും സാഹിത്യവും എന്നും സ്ത്രീയെ നിത്യയും നിശ്ശബ്ദയുമാക്കാനാണ് ആഗ്രഹിച്ചത് - കല്പറ്റനാരായണൻ അവതരിപ്പിക്കുന്ന സ്ത്രീപക്ഷചിന്തകൾ എന്തെല്ലാം?

സമൂഹത്തിലെ വിവിധ അധികാരബന്ധങ്ങൾക്കെതിരെയുള്ള കലഹമായിരുന്നു മലയാളനോവലിന്റെ ചരിത്രം - പി കെ രാജശേഖരന്റെ 'എഴുത്തും അധികാരവും' എന്ന ലേഖനത്തിലെ അഭിപ്രായങ്ങൾ വിശദമാക്കുക

(2X 10 = 20 മാർക്ക്)

28

2B2M21407 (Pages : 3) Reg. No:........................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM/BBA Degree Examination, March/April 2021**

**BML2A08(2) – Sahithya Padanam – 2**

(2020 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1. 'അപ്പൊഴാരെന്നുമെന്തെന്നുമാർക്കറിയാം?' - കാലത്തിന്റെ മാറ്റം കവി സൂചിപ്പിക്കുന്തെങ്ങിനെ?
2. കുഞ്ഞിളം ചുണ്ടിൽ അമ്മിഞ്ഞപ്പാലോടൊപ്പം പകരുന്നത് എന്ത്?
3. പരശുരാമൻ നോക്കുമ്പോൾ തന്റെ നാട്ടിൽ ആളുകൾ ആഘോഷിക്കുന്നത് എന്ത്, എങ്ങനെ?
4. 'മാനമായിരുന്നു അതിർത്തി, സകൈ വാസ് ദ ലിമിറ്റ്'- ആരുടെ രാജ്യത്തെക്കുറിച്ചാണ് ഈ പറയുന്നത്, ഏതു കഥയിൽ?
5. "നെലം പണയംവെക്കാനും പണം വാങ്ങാനും നമ്മളെന്തിനാ രാവുണ്യേ?"- ആരുടെ വാക്കുകൾ?
6. എന്റെ ഭാഷ എന്ന കവിതയിൽ 'ചോറുവിൽക്കുന്നടത്ത് ഉണ്ണുന്നതുപോലെ' എന്ന് കവി സങ്കല്പ്പിക്കുന്നതെന്തിനെ?
7. സാവിത്രി നേഴ്സ് ഡോ. കോശിയോട് ഫോണിൽ വിളിച്ച് പറഞ്ഞതെന്തായിരുന്നു?
8. "ആരും ഇന്നോളം ഇത്തരം കരുമം ചെയ്തിട്ടില്ല, എന്റെ കാനകത്തില് ഒരാണും ഒരു പെണ്ണിനോട് ഈ കൊടുമ കാട്ടീട്ടില്ല" - ആരുടെ വാക്കുകൾ, എന്തിനെക്കുറിച്ച്?
9. ഉണ്ണിമാമ പവിത്രനോട് ആവശ്യപ്പെട്ടതെന്തായിരുന്നു?
10. ആരുടെ വകയായിരുന്നു, ദമ്പതികൾ ഒത്തുചേരുന്ന പഴയ ബംഗ്ലാവ്?
11. ശൂർപ്പണഖ എറിഞ്ഞ കുന്തം പതിച്ചതെവിടെ?
12. 'ഫോട്ടോയുടെ ഏറ്റവും താഴെ കവിതയിലെ രണ്ടുവരിയും വ്യക്തമാണ്' - വരികളേത്?

13 നാട്ടിൽ പോകാൻ ഒ വി വിജയൻ പ്രിൻസിപ്പലിനോട് പറഞ്ഞ കാരണമെന്തായിരുന്നു?

14 ക്രിസ്തിൻ അഹ്റോൺ എന്ന പെൺകുട്ടിയുടെ കുടുംബപശ്ചാത്തലം എന്ത

15 കമലയുടെ പാവയുടെ പേരെന്തായിരുന്നു?. അതിന്റെ തലമുടിയെക്കുറിച്ച് കഥാകാരി പറയുന്നതെന്ത്?

(**2 X 15** = 30 പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. സ്വന്തം ജന്മകഥ ശകുന്തള ദുഷ്യന്തനോട് വിവരിക്കുന്നതെങ്ങനെ?

17. കടുത്ത ജീവിതയാഥാർഥ്യങ്ങൾ പിന്നിട്ട് രോഗാവസ്ഥയിലാകുമ്പോഴും സഫ യാത്ര എന്ന് കവി ആശ്വസിക്കുന്നതെന്തുകൊണ്ട്?

18. സഹ്യപർവതത്തിലിരുന്ന് കേരളത്തെ വീക്ഷിക്കുന്ന പരശുരാമൻ സമകാലിക കേരളത്തെ വിശകലനംചെയ്യുന്നത് എങ്ങനെയെല്ലാം?

19. മലയാള നാടകത്തിൽ രാവുണ്ണി എന്ന നാടകം രചനയിലും അവതരണത്തില വ്യത്യസ്തമാകുന്നതെങ്ങനെ?

20. ജാതിവ്യത്യാസം പരിഗണിക്കാതെ വിവാഹിതരാകുമ്പോഴും മലയാളി അറിയാതെ തുടരുന്ന ജാതിബോധത്തെ എസ് ഹരീഷിന്റെ കഥ തുറന്നുകാട്ടുന്നതെങ്ങനെ?

21 "എന്നെ വേറൊരു വീട്ടിലേക്ക് കൊടുത്താൽ അമ്മമ്മ വ്യസനിക്കില്ലേ?" - എ കമലയുടെ ചോദ്യത്തിലെ സൂചനയെന്ത്? അത് പാവക്കുട്ടി എന്ന കഥയെ ഒ സാധാരണ കഥയല്ലാതാക്കി മാറ്റുന്നതെങ്ങനെ?

22 ക്രിസ്തിൻ അഹ്റോൺ എന്ന പെൺകുട്ടിയുടെ ജീവിതം തകർന്നതെങ്ങനെ

23 'രണ്ടുപേര്, ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണുങ്ങള്' - ആരെല്ലാമാണ് അവർ?. തായ്ക്കുലം എന്ന കഥയിൽ അവർ കടന്നുവരുന്നതെങ്ങനെ?

(**5X 8**= 40 പരമാവധി മാർക്ക്

## Section C

III ഏതെങ്കിലും രണ്ടുചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

കേരളത്തിന്റെ ഹാസ്യസാഹിത്യചരിത്രത്തിൽ വി കെ എൻ വ്യത്യസ്തനാകുന്നത് എങ്ങിനെ. ദുഷ്യന്തൻമാഷ് എന്ന കഥയെ മുൻനിറുത്തി വിശദമാക്കുക

ഇന്ന് രാജ്യം അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധികളുടെ കാരണങ്ങൾ പതിറ്റാണ്ടുകൾക്കു മുമ്പേ പ്രവചിച്ച നാടകമാണ് രാവുണ്ണി - ഈ അഭിപ്രായത്തെ വിശകലനം ചെയ്യുക

'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ' എന്ന രചനയിൽ ഒ വി വിജൻ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ സാധ്യതകളെയും പരിമിതികളെയും വിമർശനാത്മകമായി വിലയിരുത്തുന്നത് എങ്ങനെ?.

കേരളത്തിലെ ആധുനികാനന്തര സമൂഹത്തിലെ വികലമായ നഗരസദാചാരത്തിന്റെ മുഖത്തിനുനേരെ പിടിച്ച കണ്ണാടിയാണ് ബംഗ്ലാവ് എന്ന കഥ - ഈ വിഷയത്തിൽ ഒരു നിരൂപണം തയ്യാറാക്കുക

(2X 10 = 20 മാർക്ക്)

29

2B2M21408 (Pages : 2) Reg. No:.............................

Name:.............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BAMC/CS Degree Examination, March/April 2021**

**BML2A08(3) – Baashayum Sahithyavum – 2**

(2020 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

**2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ**

**പരമാവധി മാർക്ക് 25 മാർക്ക്**

1. ഇടുങ്ങിയതും വൃത്തികെട്ടതുമായ തെരുവിൽ കുടുസ്സുമുറിയിൽ താമസിച്ചു കൊണ്ട് ആഖ്യാതാവ് ചെയ്ത ജോലി എന്തായിരുന്നു?
2. പിഷാരടിയാണെന്നറിഞ്ഞപ്പോൾ തൃക്കണ്ണാടിലെ എമ്പ്രാന്തിരി ചെറുകാടിനോട് ആവശ്യപ്പെട്ടതെന്തായിരുന്നു?
3. പ്യൂപ്പ കീറി പൂമ്പാറ്റ ഉണരുന്നതുപോലെ അവൻ എഴുന്നേറ്റു – ആര്? എപ്പോൾ?
4. ഇടിത്തീ വീണ പോലെ പാലൂർ സ്തംഭിച്ചു പോയ സംഭവം എന്തായിരുന്നു?
5. ഈ പൊട്ടിക്കാളിയെ വളർത്തി വലുതാക്കാൻ തന്നെ എന്താ പാടെന്നറിയാമോ? ആര് ആരെക്കുറിച്ചാണിതു പറയുന്നത്?
6. എപ്പോഴാണ് എൻമകജെ നരകമാണെന്ന് നീലകണ്ഠന് ബോദ്ധ്യപ്പെട്ടത്?
7. കൗതുകത്തോടെ ഞാൻ ബാലചന്ദ്രന്റെ വാക്കുകൾക്ക് കാതോർത്തു – ആര്? വാക്കുകൾ എന്തായിരുന്നു?
8. മൂകാംബികയിലെത്തി തൊഴുത ശേഷം ദേവിയോട് ചെറുകാട് പതുക്കെ ചോദിച്ചതെന്തായിരുന്നു?
9. ഞാൻ സദസ്സിലേക്ക് നോക്കി.ദയയുള്ള ഒരു മുഖവും ഞാൻ കണ്ടില്ല – സന്ദർഭമെഴുതുക.
10. അതിനെല്ലാമപ്പുറം അദ്ദേഹം മനുഷ്യസ്നേഹിയായിരുന്നു എന്നാണ് എന്റെ അനുഭവം – ആരെയാണ് ലേഖകൻ മനുഷ്യസ്നേഹിയായി കാണുന്നത്?
11. മൃഗങ്ങളിൽ ഏറ്റവും നീചൻ മനുഷ്യനാണ് -നീലകണ്ഠന്റെ ഈ പ്രസ്താവനയുടെ പൊരുളെന്ത്?
12. ഞങ്ങൾക്കിവിടെ രക്ഷയില്ല, ഇവിടുന്നു പോയേ പറ്റൂ – അമർജിത്ത് ഇങ്ങനെ പറയാനിടയായതെന്ത്?
13. ഏറ്റവും ഔചിത്യമുള്ള സമ്മാനമായിരുന്നു അത്? ഏത്? ലേഖികയ്ക്ക് അങ്ങനെ തോന്നാൻ കാരണമെന്ത്?
14. ചെറുകാടിന് ജീവിതം മടുത്തു തുടങ്ങാനുള്ള സാഹചര്യങ്ങളെന്തായിരുന്നു?
15. ആ കാലത്തു ഞാൻ പകൽ നാലു മണിക്കേ ഉണരൂ – നാലുമണിക്കുണരുന്നതിന്റെ കാരണമെന്താവാം?

## Section B

**II ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ**

**പരമാവധി മാർക്ക് 35**

16. അച്ഛനില്ലാതെ വളരുന്ന കുട്ടികളിൽ അച്ഛനായിത്തീർന്ന് അമ്മയെ ഭരിക്കലുണ്ട് - സാന്ദ
സ്വഭാവസവിശേഷതകളെ മുൻനിർത്തി പ്രസ്താവന വിശകലനം ചെയ്യുക.

17. വളരെ വളരെ പഴയ കൗതുകമുള്ള നിസ്സാര സംഭവം എന്ന് ആഖ്യാതാവ് വിവക്ഷിക്കുന്നത്
സംഭവമാണ് ? സംക്ഷേപിക്കുക

18. മൂകാംബികാ സന്നിധിയിലെത്തിച്ചേർന്ന ചെറുകാട് കണ്ട കാഴ്ചകൾ എന്തെല്ലാമായിരു
വിവരിക്കുക.

19. സാത്താൻമാരെ , മരിച്ചവരെയും നിങ്ങൾ വെറുതെ വിടുകയില്ലേ - സന്ദർഭം വിശദീകരിക്കു

20. സകല നിയന്ത്രണവും കൈവിട്ട് കരഞ്ഞ എന്നെ പുരുഷോത്തമൻ കരയാനനുവദിക്കുക
ണ്ടായത് - ലേഖകൻ കരയാനിടയായ സംഭവം വിശദീകരിക്കുക

21. അനന്തരം വളരെ പക്വമായ ശബ്ദത്തിൽ ഗുഹ സംസാരിക്കാൻ തുടങ്ങി - സംസാരിച്ചത് എ
വിശദീകരിക്കുക

22. രോഗകാലം പോലെ ശ്രദ്ധിക്കേണ്ട ഒന്നാണ് രോഗാനന്തരകാലവും - രോഗാനന്തര കാ
അനുഭവങ്ങളെ ലേഖിക ഓർത്തെടുക്കുന്നതെങ്ങനെ?

23. ചെറുകാട് പാവം മനുഷ്യൻ എന്ന് ആരെയാണ് വിശേഷിപ്പിക്കുന്നത്? എന്താകാം ആ വിശേ
ത്തിനുള്ള കാരണം? വിശദമാക്കുക

## Section C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. സമകാലിക ചരിത്രത്തെക്കുറിച്ചുള്ള ഏറ്റവും ധാർമ്മികമായ രാഷ്ട്രീയ പ്രസ്താവന
എൻ.എസ്.മാധവന്റെ വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥ -നിരീക്ഷണം ചർച്ച ചെയ്യുക

25. പരിസ്ഥിതിയിൽ മനുഷ്യൻ ഇടപെടുന്നതിന്റെ വിനാശകരവും ദുരിതപൂർണ്ണ
അവസ്ഥാവിശേഷങ്ങളെ ആവിഷ്ക്കരിക്കുന്ന നോവലാണ് എൻമകജെ - ഉപന്യസിക്കുക

26. പിന്നിട്ട ദുരിത ജീവിതത്തെക്കുറിച്ചുള്ള മറക്കാനാവാത്ത ഓർമ്മകളുടെ ആഖ്യാനമായി മ
ജീവിതപ്പാത - പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക

27. പ്രവാസികളുടെ കുടുംബ ജീവിത സംഘർഷങ്ങൾക്കൊപ്പം മനുഷ്യ പലായനങ്ങ
ചരിത്രരേഖകൂടി ആയിത്തീരുന്നു പത്തേമാരി - വിശകലനം ചെയ്യുക.

**(2 x 10**

2B2M21409 (Pages : 2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, March/April 2021**

**BML2B02 – Katha Sahithyam**

(2020 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള പതിനഞ്ച് ചോദ്യങ്ങൾ

(പരമാവധി 25 മാർക്ക്)

1. കരടിയെക്കുറിച്ച് യുവതി അമ്മയോട് പറഞ്ഞ അഭിപ്രായങ്ങൾ എന്തൊക്കെയാണ്?
2. 'ഇന്ന് ഞാൻ എങ്ങനെണ്ട്, അമ്മേ?' എന്ന ചോദ്യത്തിന് അമ്മ നൽകിയ ഉത്തരം?
3. നാണുനായർ കുതിരകളെകുറിച്ചെന്താണ് പറഞ്ഞത്?
4. മാത്യുജന്മദിനാശംസകൾ നേർന്നപ്പോൾ 'ജന്മദിന'ത്തിലെ നായകകഥാപാത്രം ആലോചിച്ചതെന്ത്?
5. രേവതിക്ക് പിടിപെട്ട അപൂർവരോഗമെന്തായിരുന്നു?
6. 'വിടൂഎന്നെ വിടൂ! അവന്റെകുടൽ പിളർക്കട്ടെ! എന്നിട്ട് ഞാൻ മരിച്ചുകൊള്ളാം' - മഖൻസിങ്ങ് ഇങ്ങനെ പറഞ്ഞതെപ്പോൾ?
7. 'പിന്നേ, നീയിതാരോടും പറഞ്ഞേക്കല്ലേ' - 'പ്രേതഭാഷണ'ത്തിലെ ഈ സംഭാഷണത്തിന്റെ സന്ദർഭമേതെന്ന് വ്യക്തമാക്കുക.
8. പേരും പിറുപ്പും ഇല്ലാതിരിക്കുകയാണ് നന്നെന്ന് നീലി ചിന്തിച്ചതെന്തുകൊണ്ട്?
9. പ്രേമത്തെകുറിച്ച് കൃഷ്ണൻ രാധയോട് പറഞ്ഞതെന്ത്?
10. കാവിവ സ്ത്രധാരിയായ മധു, കന്യാസ്ത്രീമഠത്തിൽ എത്തിച്ചേർന്നതിന്റെ ഉദ്ദേശ്യമെന്ത്?
11. ചന്ദ്രമോഹന്റെ അച്ഛന്റെ അനിയന്റെ ഏത് പ്രവൃത്തിയാണ് പവിത്രയുടെ അമ്മയ്ക്ക് ഇഷ്ടപ്പെടാതിരുന്നത്?
12. ബീബിയും അബ്ദുള്ളയും ആദ്യമായി കണ്ടുമുട്ടിയത് എവിടെ വെച്ചാണ്?
13. യമുനയിൽ വെള്ളമെടുക്കാൻ പോകുമ്പോൾ ഗോപികമാർ കൃഷ്ണനെകുറിച്ച് പറഞ്ഞ കുറ്റങ്ങളെന്തൊക്കെയാണ്?
14. 'തരിശുനില'ത്തിലെ കഥാപാത്രങ്ങൾ എട്ടു കൊല്ലങ്ങൾക്കുശേഷം കണ്ടത് ഏത്‌വിധത്തിലാണെന്നാണ് കഥയിൽ പരാമർശിച്ചിട്ടുള്ളത്?
15. 'ദ്വാരക' എന്ന കഥയിലെ ജലമജ്ജനയന്ത്രത്തിനുള്ള മികവെന്താണ്?

(പരമാവധിമാർക്ക് 25)

## SECTION B

II.ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക അഞ്ച്മാർക്ക് വീതമുള്ള എട്ട് ചോദ്യങ്ങൾ

(പരമാവധിമാ

16. 'ഇറച്ചി' എന്ന കഥയുടെ ഭാഷാപരമായ സവിശേഷതകളെന്തെല്ലാം?
17. 'ദ്വാരക'യിലെ സ്വപ്നദർശനന്റെ പ്രസക്തി നിർണയിക്കുക.
18. 'നമ്മൾ കാർണോമാര്വരുക. സഹകരിക്കുക അത്രേയുള്ളൂ' - സന്ദർഭം വ്യക്തമാക്കുക.
19. 'ചോലമരങ്ങൾ' എന്ന കഥയിൽ കന്യാസ്ത്രീമഠത്തെ വർണിച്ചത് എപ്രകാരമ വിവരിക്കുക.
20. 'നിലാവറിയുന്നു' എന്ന കഥയിലെ മുഖ്യകഥാപാത്രമായ ഉണ്ണികൃഷ്ണന്റെ സ്വഭാവനി നടത്തുക.
21. പിഴച്ച പറയിയുടെ പഴകഥയ്ക്ക് 'വെളുത്തകുഞ്ഞ്' എന്ന കഥയിലുള്ള പ്രസക്തി വ്യക്ത
22. 'കള്ളത്തീ, ഇത്ര നേരത്തേ കക്കാനെത്തിയോ നീ' - കഥാസന്ദർഭം സ്പഷ്ടമാക്കുക.
23. 'നീയിപ്പോൾ ഐശ്വര്യവതിയാ, മോളേ, സുഗന്ധീംസുന്ദരീം' - വിവക്ഷിതാർത്ഥ വ്യക്തമാക്കുക.

(പരമാവധിമാ

## SECTION C

III ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. മലയാള ചെറുകഥയുടെ ഉദ്ഭവവികാസപരിണാമത്തിന്റെ ചരിത്രം സംക്ഷിപ വിവരിക്കുക.
25. ദാരിദ്ര്യത്തിന്റെ തീക്ഷ്ണത 'ജന്മദിനം' എന്ന കഥയിലൂടെ യഥാതഥമായി ബഷീർ എ ചിത്രീകരിച്ചുവെന്ന് പ്രതിപാദിക്കുക.
26. കർമ പരമ്പരയെകുറിച്ചുള്ള ഭാരതീയ വീക്ഷണം കൊരുത്ത് ഒ.വി.വിജയൻ ദാർശനികതാപ്രധാനമായ കഥയാണ് 'സ്നേഹത്തിന്റെ ശ്രാദ്ധം' - ഈ പ്രസ വിശദീകരിക്കുക.
27. "വീടുംദേശവും നഷ്ടപ്പെട്ടവന്റെ ആത്മസംഘർഷമാണ് 'മഖൻസിങ്ങിന്റെ മരണം' കഥയിൽ ടി.പത്മനാഭൻ ചിത്രീകരിച്ചത്" - ഈ അഭിപ്രായം ചർച്ച ചെയ്യുക.

(2x10=20

2B2M21410 (Pages : 1) Reg. No:...........................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, March/April 2021**

**BML2C02 – Kerala Padanam : Madhyakala Keralam**

(2020 Admission onwards)

Time: 1½ hours Max. Marks : 40

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. 'അഷ്ടാംഗഹൃദയം' എന്ന ആയുർവേദഗ്രന്ഥത്തിന്റെ കർത്താവാര്?
2. 'മൂഷകവംശം' എന്ന കാവ്യം രചിച്ചതാര്?
3. കൂനൻ കുരിശു സത്യം നടന്ന വർഷം?
4. കേരളത്തിലെ ഏക മുസ്ലീം രാജവംശം?
5. 'ആധുനിക കാലത്തെ അത്ഭുതം' എന്ന് ഗാന്ധിജി വിശേഷിപ്പിച്ച സംഭവം ഏത്?
6. പെരുമാൾ തിരുമൊഴിയുടെ കർത്താവാര്?

**(6 x 2=12. പരമാവധി 10 മാർക്ക്)**

**II താഴെ പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക**

7. മരുമക്കത്തായം
8. പടയണി
9. പുലപ്പേടി, മണ്ണാപ്പേടി
10. കളരിസമ്പ്രദായം
11. ജന്മിത്തം
12. കഥകളി

**(6 x 4=24. പരമാവധി 20 മാർക്ക്)**

**III ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13. കേരളസംസ്കാരത്തിന് ബുദ്ധമതം നൽകിയ സംഭാവനകൾ എന്തെല്ലാം? വിശദീകരിക്കുക.
14. കൂത്ത്, കൂടിയാട്ടം, കഥകളി എന്നീ കലാരൂപങ്ങളെ പരിചയപ്പെടുത്തുക.

**(1 x 10=10 മാർക്ക്)**

2B2M21418

(Pages : 1)

Reg. No:............................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, March/April 2021**

**BJL2C02 – News Reporting and Editing**

(2020 Admission onwards)

Time: 1 ½ hours

Max. Marks : 40

**Section A**

**All questions may be answered. Each question carries 2 marks.**

1. News agencies
2. Editor
3. Travelogues
4. Sting operation
5. Hour glass news story structure
6. Profiles
7. Summary head.

**Ceiling: 10 marks**

**Section B**

**All questions may be answered. Each question carries5 marks.**

8. Distinguish between Hard news and Soft news
9. Discuss the duties of a sub editor.
10. Explain any 5 types of Headlines with suitable examples.
11. Write a short note on the importance of interviews in a newspaper.
12. What are the different types of features?

**Ceiling: 20 marks**

**Section C (essay)**

**Answer any one of the following question.**

13. Explain the organisational hierarchy of the editorial wing of a newspaper.
14. What is news value? Explain the major news values with suitable examples.

**(1 x 10=10 marks)**